കേരള സർക്കാർ

# ഇലഞ്ഞി ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി9)2227/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 12.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.9)2227/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 12.01.2017

# എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2015 മുതൽ 31.3.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ 30.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അജിതൻ ടി.എൻ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോഷി തോമസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | അഡ്വ.അന്നമ്മ ആൻഡ്രൂസ് | 1.4.2015 | 30.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 11.11.2015 |
| | ജോയ്സ് മാമ്പുള്ളി | 12.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ടോമി കെ തോമസ് | 1.4.2015 | 30.11.2015 |
| | ജില്ല സിബി | 1.12.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | സോഫി ബേബി | 1.4..2015 | 30.11.2015 |
| | റെജ്ജ ജോർജ് | 1.12.2015 | 31.3.2016 |
| ക്ഷേമകാര്യം | എം. പി. ജോസഫ് | 1.4..2015 | 30.11.2015 |
| | ലീല സുഖവാസ് | 1.12.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | സൂസന്ന സിബി | 1.4..2015 | 30.11.2015 |
| | റിയ മനോജ് | 1.12.2015 | 31.3.2016 |
| സെക്രട്ടറി | കെ.എസ്. രവി | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ഇ.കെ.കൃഷ്ണൻ കുട്ടി | 1.4.2015 | 18.08.2015 |
| | സി. സുനിത | 19.08.2015 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | വത്സല കെ.കെ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലക്ഷ്മി പത്മനാഭൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സ്റ്റെഫി ആൻ ജോസ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അഞ്ജു.വി.ഷൈനി | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | എൻ. ശ്യാമള | 1.4.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ഇലഞ്ഞി | ടി.വി. പ്രശാന്ത് | 1.4.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുത്തോല പുരം | ടി. രാജേഷ് | 1.4.2015 | 31.3.2016 |
| ഹെഡ് മിസ്ട്രസ്, GLPS, | അനിത കുര്യൻ | 1.4.2015 | 31.3.2016 |
| വെറ്റിനറി സർജൻ | ഡോ.എം.ഹരികുമാർ | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ലാൽ പ്രസാദ് | 1.4.2015 | 31.3.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വി.സി. ആനിയമ്മ | 1.4.2015 | 31.3.2016 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക | 1-12 |
| | ഭാഗം – 2 | |
| 13 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| 14 | തൊഴിൽ നികുതി അപാകതകൾ | 2-2 |
| 15 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല | 2-3 |
| 16 | മൊബൈൽ ടവറുകളുടെ നികുതി പിരിവ് അപാകതകൾ | 2-4 |
| | ഭാഗം - 3 | |
| 17 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ് - അടക്കുന്നില്ല | 3-1 |
| 18 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-2 |
| 19 | ഇലഞ്ഞി പി.എച്ച്.സി.ക്ക് മരുന്ന വാങ്ങൽ – അപാകത | 3-3 |
| 20 | bitumin emulsion - ന് കോസ്റ്റ് ഇന്റക്സ് നൽകിയത് | 3-4 |
| 21 | സിമന്റ് പ്ലാസ്റ്ററിംഗ് അധിക നിരക്ക് നൽകി. | 3-5 |
| 22 | ടൈൽ വിരിക്കൽ - അധിക നിരക്ക് നൽകി | 3-6 |
| 23 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-7 |
| | ഭാഗം - 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.3.2015ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളുടേയും യഥാർത്ഥ വരവു-ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 67672000 | 72772612 |
| വാർഷിക കണക്കുകൾ പ്രകാരം | 23293873 | 32295458 |
| വ്യത്യാസം | 44378127 | 40477154 |

ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളും യഥാർത്ഥ വരവു-ചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 28.6.2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ചു. ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

വാർഷിക കണക്കുകളിലെ അപാകതകൾ :-

വാട്ടർ ചാർജിനത്തിൽ 31.3.2016ൽ 1,02,53,585/- രൂപ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിലേക്ക് അടക്കുവാനുണ്ട്. അടക്കുവാൻ ബാക്കി നിൽക്കുന്ന ഈ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,52,87,573 |
| വരവ് | 2,32,93,873 |
| ആകെ | 3,85,81,446 |
| ചെലവ് | 3,22,95,458 |
| നീക്കിയിരിപ്പ് | 62,85,988 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന വസ്തു നികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 22,50,148 |
| വാടക | 46,508 |

പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക(*) | ആകെ | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2723974 | 6742678 | 11407135 | 8453355 | 1940483 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 61238 | 1366000 | 1427238 | 1145000 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 4000 | 2000 + 4000 TC | 10000 | 0 | - 4000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1210884 | 3498000 | 4708884 | 4560602 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1591218 | 1989000 | 3580218 | 2318278 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1421444 | 2818396 + TC 883559 | 5123399 | 4239840 | -883559 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 2249424 | TC. 1052924 | 3302348 | 2167030 | 1052924 | 0 |

(*)ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയാണ് വരവാണ് എടുത്തിട്ടുള്ളത്.

<u>ചെലവഴിക്കാതെ പോയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.</u>

| ഫണ്ട് | ചെലവഴിക്കാതെ പോയ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 2953780 |
| വികസന ഫണ്ട്(എസ്.സി.പി) | 282238 |
| വികസന ഫണ്ട്(ടി.സി.പി) | 6000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 148282 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1261940 |
| ലോക ബാങ്ക് സഹായം | 82394 |

അനുവദിച്ചു കിട്ടിയ മുഴുവൻ തുകകളും കൃത്യമായി ചെലവഴിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 120 | 34520040 | 98 | 23993557 | 14 | 8 | 81.66 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28.35% കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2849621 | 1944286 | - 905335 | - 31.77% |
| നികുതിയേതര വരവുകൾ | 536531 | 482841 | - 53690 | - 10.01% |
| മറ്റുവരവുകൾ + പലിശ | 69363 | 48910 | - 20453 | - 29.49% |
| ആകെ | 3455515 | 2476037 | -979478 | - 28.35% |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36,000 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 29,05,800 | 386 |
| വിധവാപെൻ ഷൻ | 42,00,200 | 316 |
| വാർദ്ധക്യകാല പെൻഷൻ | 52,41,030 | 491 |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 17,02,235 | 124 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 4,13,600 | 28 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016 ന് ഹെഡ്ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13439/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി. യിലേക്ക് മരുന്നു വാങ്ങൾ പ്രൊജക്ടിൽ മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല. 21.8.2015 ൽ തുക നൽകിയിട്ടും മരുന്ന് ലഭ്യമായത് 16.9.2015, 15.12.2015, 8.1.2016, 27.2.2016, 9.5.2016 തിയതികളിലാണ്. മരുന്നുകൾ യഥാസമയം ലഭ്യമാകാത്തത് ആശുപത്രിയിലെത്തുന്നവർക്ക് മരുന്നുകൾ വിതരണം ചെയ്യാൻ കഴിയാതെ പോകുന്നു. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2016 | 01.10.2016 – 31.10.2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2009 – 06.07.2009 | 2006-2007 | 03.08.2009 |

# 1-12 ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക

വരവിനങ്ങളിൽ തുക ഈടാക്കിയതിൽ വന്ന കുറവ്, ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 900/- രൂപ വിവിധ രസീതുകളിലായി 27.12.2016, 28.12.2016 തീയതികളിൽ

അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

1. താഴെ കൊടുത്തിരിക്കുന്ന വ്യക്തികളിൽ നിന്നും പെർമിറ്റ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം | കറൻറ് നമ്പർ | വ്യക്തിയുടെ പേര്, വിലാസം | വിസ്തീർണം (ച.മീ) | ഈടാക്കേണ്ടത് (@ 3/sqm-res / @5/sqm-com) | ഈടാക്കിയ തുക, രസീത് നമ്പർ | കുറവ് |
|---|---|---|---|---|---|---|
| 1 | A3-1690/15, 3.6.15 | ബിനോയ് കെ.വി, കൊക്കോട്ടു മലയിൽ | 41.21 | 124 | ഈടാക്കി യിട്ടില്ല | 124 |
| 2 | A3-287/16, 29.1.16 | ജോബി ജോർജ് കാഞ്ഞിരത്തുങ്കൽ ആലപുരം | 166.3 | 499 | 399, 11502101769 dt.8.2.16 | 100 |
| | | | | | ആകെ | 224 |

2. താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ പെർമിറ്റില്ലാതെ കെട്ടിട നിർമാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. നിർമാണം റെഗുലറൈസേഷൻ ചെയ്തപ്പോൾ ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ, കെട്ടിട നമ്പർ, കെട്ടിടത്തിന്റെ ഉപയോഗം | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണം (ച.മീ) | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | 9/1 D, വാണിജ്യം | കെ.എം. തോമസ് ട്രസ്റ്റി, സെൻറ് സേവ്യേഴ്സ് പള്ളി | 657.42 | 657.42x10 = 6575, 11502100932 dt. 1.10.15 | 657.42x15 = 9861 | 3286 |
| 2 | 9/146, ഗാർഹികം | ജോർജ് മാത്യൂ പുത്തൻപുരയ്ക്കൽ മുത്തോലപുരം | 201.91 | 201.91x6=1212, 11502101253 dt. 21.11.15 | 201.91x9= 1817 | 605 |
| 3 | 6/363, ഗാർഹികം | രാമൻ തൈത്താൻ കേളംകുളം ആലപുരം | 101.84 | 101.84x6=612, 11502101574 dt. 18.1.16 | 101.84x9= 917 | 305 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 6/326A, വാണിജ്യം | അശോക് ചാക്കോ തോമസ്, നെടുവേലിൽ ഇലഞ്ഞി | 30.17 | 30.17x10 = 300, 11502102548 dt. 29.3.16 | 30.17x15= 453 | 153 |
| 5 | 11/292A, ഗാർഹികം | പൈലി ആൻറ് മേരി , പുളിഞ്ചുവട്ടിൽ ഇലഞ്ഞി | 104.1 | ഈടാക്കിയിട്ടില്ല. | 104.1x9= 937 | 937 |
| 6 | 8/39B, വാണിജ്യം | സക്കറിയ കുര്യൻ നെടുവേലിൽ ഇലഞ്ഞി | 45.36 | 45.36x10= 454, 11502101364 dt. 11.12.15 | 45.36x15= 680 | 226 |
| 7 | 10/1B, ഗാർഹികം | ജോസഫ് ഉലഹന്നാൻ കുട്ടുമ്യാലിൽ പെരുമ്പടവം | 439.26 | 439.26x6= 2636, 11502101351 dt. 10.12.15 | 439.26x9= 3953 | 1317 |
| 8 | 1/293A, വാണിജ്യം | അനൂപ് പി. പാറപ്പാലിൽ പെരിയപുരം | 276.7 | 276.7x10= 2767, 11502101829 dt. 12.2.16 | 276.7x15= 4151 | 1384 |
| | | | | | ആകെ | 8213 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.7) കെ.പി.ബി.ആർ. ചട്ടം 137(4) അനുസരിച്ച് പെർമിറ്റ് ഫീസിന്റെ ഇരട്ടി തുകയാണ് കോമ്പൗണ്ടിംഗ് ഫീ വാങ്ങേണ്ടതാണെന്ന ചട്ടപ്രകാരമാണ് തുക ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ കേരളാ മുനിസിപാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ, പെർമിറ്റ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം, എന്നിവ പ്രകാരം അംഗീകൃത പ്ലാനുകളിൽ നിന്നും വ്യതിയാനമുള്ള സംഗതികളിൽ അടവാക്കിയ പെർമിറ്റ് ഫീസിനു പുറമേ രാജിയാക്കൽ ഫീസ് ഈടാക്കിയാൽ മതിയാകുമെന്നും എന്നാൽ ചട്ടം 144(2) പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അടവാക്കുവാനുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. മാവേലി സ്റ്റോർ, ഇലഞ്ഞി
2. മാവേലി സ്റ്റോർ , മുത്തോലപുരം
3. ക്ഷീരോൽപാദക സഹകരണ സംഘം, ഇലഞ്ഞി
4. ക്ഷീരോൽപാദക സഹകരണ സംഘം, കുളങ്ങരപ്പടി
5. ക്ഷീരോൽപാദക സഹകരണ സംഘം, ജോസ്ഗിരി
6. ക്ഷീരോൽപാദക സഹകരണ സംഘം, മട്ടക്ക
7. ക്ഷീരോൽപാദക സഹകരണ സംഘം, പെരുമ്പടവം
8. ക്ഷീരോൽപാദക സഹകരണ സംഘം, മുത്തോലപുരം

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2015-16 വർഷത്തിലെ രണ്ടു അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1. ക്ഷീരോൽപാദക സഹകരണ സംഘം, കുളങ്ങരപ്പടി
2. ക്ഷീരോൽപാദക സഹകരണ സംഘം, പെരുമ്പടവം

ഈടാക്കാനുള്ള തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും പലിശയുൾപ്പെടെ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നില്ല

പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2015-16 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

1. അപ്പച്ചി വൈദ്യൻസ് (ആയുർവേദ ആശുപത്രി) ഇലഞ്ഞി
2. വെളിയത്തുമാരിയിൽ അപ്പച്ചി വൈദ്യൻസ് ആയുർവേദ ആശുപത്രി
3. നിർമല വൈദ്യശാല ഇലഞ്ഞി
4. ജ്യോതിസ് ഹീലിംഗ് സെൻറർ
5. ആശ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആൻഡ് റിസേർച്ച്, പെരുമ്പടവം
6. ഉതുപ്പ് മെമ്മോറിയൽ ചാരിറ്റബിൾ ഹോസ്പിറ്റൽ (കെ.കെ.ജെ.ഫൗണ്ടേഷൻ)
7. ഭാരതീയ വൈദ്യശാല ഇലഞ്ഞി (ആയുർവേദ ചികിത്സാലയം)
8. രാജേഷ് ലാബോറട്ടറി, മലയിൽ, പെരുമ്പടവം.

മുൻ വർഷങ്ങളിൽ പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ നേടിയിട്ടുള്ള പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിന്റെ കീഴിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കൃത്യമായ കണക്കെടുക്കുകയും രജിസ്ട്രേഷൻ പുതുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. രജിസ്ട്രേഷനില്ലാതെയോ പുതുക്കാതെയോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ നികുതി പിരിവ് അപാകതകൾ

1. പഞ്ചായത്തിന്റെ പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് നികുതി ഡിമാൻറ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | ഉടമയുടെ പേര്, വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണം (ച.മീ.) | ഡിമാൻറ് ചെയ്ത നികുതി | ഡിമാൻറ് ചെയ്യേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ഭാരതി എയർടെൽ ലിമിറ്റഡ്, 12/292A | 25 ച.മീ. | 25x40+ (10% ) വർദ്ധനവ് + ലൈബ്രറി സെസ്സ് (5%) = 1155/- | 25x400+ (10%) വർദ്ധനവ് + ലൈബ്രറി സെസ്സ് (5%)=11,550/- | 10,395 |

| | | | | | |
|---|---|---|---|---|---|
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് 10/27 | 10ച.മീ. | 10x30-(20%) ഇളവ്+ ലൈബ്രറി സെസ്സ് (5% ) = 252/- | 10x400-(20%) ഇളവ് + ലൈബ്രറി സെസ്സ് (5%) = 3,360/- | 3,108 |
| | | | | ആകെ | 13,503 |

2013-14 മുതൽ 2015-16 വർഷം വരെ ഇതേ തുകകളാണ് നികുതിയിനത്തിൽ ഡിമാൻറ് ചെയ്തിരിക്കുന്നത്.

2). 327/16 A, 327/16B സർവേ നമ്പറുകളിൽ പെർമിറ്റ് നമ്പർ A5-215/06 dt. 22.4.06 പ്രകാരം നിർമാണാനുമതി നൽകി 1.2.10 ൽ 5/15B കെട്ടിട നമ്പർ നൽകിയിരിക്കുന്ന ഐഡിയ സെല്ലുലാർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനും പെർമിറ്റ് നമ്പർ 82/08-09 dt. 26.11.08 പ്രകാരം പണി പൂർത്തീകരിച്ച് 11.3.09 ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നേടിയ ഇൻഡസ് ടവേഴ്സ് ലിമിറ്റഡിനും നാളിതു വരെ വസ്തുനികുതി ഒടുക്കുന്നതിന് ഡിമാൻറ് ചെയ്തിട്ടില്ല. ഫയലുകളിൽ ഇതു സംബന്ധിച്ച വ്യക്തമായ വിവരങ്ങളും ഇല്ല.

താരതമ്യേന വരുമാനം കുറവായ പഞ്ചായത്തിന്റെ നല്ലൊരു വരുമാന സ്രോതസ് കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും സ്ഥല പരിശോധന നടത്തി കെട്ടിട നികുതി കുടിശിക സഹിതം ഈടാക്കുവാൻ സെക്രട്ടറി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് - അടക്കുന്നില്ല

പഞ്ചായത്തിൽ പൊതുടാപ്പുകളുടെ വാട്ടർചാർജിനത്തിൽ കുടിശിക നിലനിൽക്കുന്നു. പഞ്ചായത്തിലെ ആകെയുള്ള 330 ടാപ്പുകളിൽ 2015-16 സാമ്പത്തിക വർഷത്തിൽ പ്രതിമാസ വാട്ടർചാർജായി 1,44,375/- രൂപ നിരക്കിലാണ് (330 x 437.50 /ടാപ്പ്) വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരിക്കുന്നത്. പഞ്ചായത്ത് പ്രതിമാസ വാട്ടർചാർജ് അടക്കാത്തതിനാൽ കുടിശ്ശിക തുക വർദ്ധിച്ചുവരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഡിമാന്റ് | ഫൈൻ | കുടിശ്ശിക | ആകെ |
|---|---|---|---|---|
| 4/15ൽ ബിൽ പ്രകാരം അടക്കുവാനുണ്ടായിരുന്ന തുക | 144375 | 188013 | 9582289 | 99,14,677 |
| 3/2016 ലെ തുക | 144375 | 194533 | 9914677 | 1,02,53,585 |
| 2015-16 വർഷത്തിൽ അടച്ച തുക | | | | 0 |
| വർഷാവസാനം അടക്കുവാൻ ബാക്കിയുള്ള തുക | | | | 1,02,53,585 |

പഞ്ചായത്ത് കമ്മറ്റിയുടെ 01.07.2015 ലെ തീരുമാനം VIII(1) പ്രകാരം കുടിവെള്ള ടാപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തി കൃത്യമായ കണക്കെടുത്ത് ബിൽ തുക അടക്കുന്നതിന് തീരുമാനമെടുത്തിരുന്നു. തുടർന്ന് 29.12.2015, 30.12.2015 എന്നീ ദിവസങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയുണ്ടായി. ഇതു പ്രകാരം കണ്ടെത്തിയ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ ടാപ്പുകൾ | 301 |

| | |
|---|---|
| പെർമനന്റ് കട്ടിംഗ് | 33 |
| പ്രവർത്തനക്ഷമമായവ | 253 |
| പെന്റിംഗ് ഡിസിഷൻ | 16 |

ഇതനുസരിച്ച് ആകെ 253 ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ആയതിന് 110687.50 (253 x 437.50) രൂപയാണ് പ്രതിമാസം അടക്കേണ്ടത്. എന്നാൽ ജോയിന്റ് വെരിഫിക്കേഷന ശേഷവും വാട്ടർ അതോറിറ്റിയുടെ ബില്ലിൽ 330 ടാപ്പുകളുടെ വാട്ടർ ചാർജാണ് ഡിമാന്റ് ചെയ്യുന്നത്. 2015-16 വർഷത്തിൽ പഞ്ചായത്ത് തുകയൊന്നും അടച്ചിട്ടില്ല. 12/2016ലെ ബിൽ പ്രകാരം ( ബിൽ നം. 13531 / 7.12.2016 ) ആകെ അടക്കുവാനുള്ളത് 1,28,19,564/- രൂപയാണ്. കുടിശ്ശിക വർദ്ധിച്ചിട്ടും വാട്ടർ ചാർജ് അടക്കാത്തതിന്റെയും കുറവ് കണ്ടെത്തിയ ടാപ്പുകളുടെ വാട്ടർ ചാർജ് ഡിമാന്റിൽ നിന്നും ഇതു വരെയും കുറവു ചെയ്തു കിട്ടിയിട്ടില്ല. കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം | നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| S0064/16, | ജില്ലാ പഞ്ചായത്ത് | വാട്ടർ റീച്ച് എറണാകുളം | 072226/ 30.10.2015 | 4,50,000 |
| S0063/16 | ജില്ലാ പഞ്ചായത്ത് | മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | 072289/ 17.11.2015 | 1,50,000 |
| | | | ആകെ | 6,00,000 |

പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഇലഞ്ഞി പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ - അപാകത

താഴെ ചേർത്തിരിക്കുന്ന പ്രോജക്ട് നടപ്പാക്കിയതിൽ ചില അപാകത കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 20/2016 /ഇലഞ്ഞി പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ഇലഞ്ഞി |
| അടങ്കൽ , | 3,00,000/- |
| ചെലവ് – ബിൽ നം ,തീയതി | 12/15-16 dated 14.03.2016 = 225000,<br>18/15-16 dated 29.03.2016 = 75000 |
| ഡി.ഡി നം, തീയതി | 429402 dated 19.03.2016. |

1) മേൽ പ്രോജക്ട് പ്രകാരം ഇലഞ്ഞി പി.എച്ച്. സി ക്ക് കേരള സിവിൽ സപ്ലൈസ്

കോർപ്പറേഷൻ പിറവം എന്ന സ്ഥാപനത്തിൽ നിന്നും 3,00,000/- രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട് (ബിൽ നം 161 തീയതി 03.02.2016, ബിൽ നം 1641 തീയതി 01.03.2016) എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, ഫയലിൽ നിന്നും ലഭ്യമല്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.
2) 75,000/- രൂപയുടെ മരുന്ന് വാങ്ങിയതിന് സ്ഥാപനത്തിന് നല്കിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 3-4 bitumin emulsion - ന് കോസ്റ്റ് ഇൻഡക്സ് നൽകി.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ CPWD / MORTH നടപ്പാക്കുന്നതിനുള്ള ചീഫ് എഞ്ചിനീയറുടെ 13.2.2014 ലെ No.DB3/ 6512/ 2013/CE/ LSGD സർക്കുലർ പ്രകാരം കോസ്റ്റ് ഇൻഡക്സ് നൽകുമ്പോൾ മാർക്കറ്റ് നിരക്കിലുള്ളവയെ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബിറ്റുമിന് DSR നിരക്ക് വളരെ കൂടുതലാണ്. ആയതിനാൽ ബിറ്റുമിന്റെ വില കുറവു ചെയ്തതിനു ശേഷമാണ് പഞ്ചായത്തിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കിയത്. എന്നാൽ bitumin emulsion ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ bitumin emulsion -ന്റെ വില കുറവു ചെയ്യാതെ തന്നെ നിരക്ക് കണക്കാക്കിയത് മൂലം അധിക നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
CPWD കോഡ് 16-31-2. providing and applying tack coat using bitumin emulsion conforming to IS 8887, using emulsion pressure distributor including preparing the surface and cleaning the mechanical broom.
16-31-2 with medium setting bitumen emulsion
16-31-2-1 On WBM/ WMM @ 0.4 kg/ sqm
16-31-2-2 on bituminous surface @0.25kg/sqm

| | നൽകാവുന്നത് | |
|---|---|---|
| CPWD code | 16-31-2-1 | 16-31-2-2 |
| Total including water charge | 59927.09 | 39057.55 |
| (-) bitumin emulsion cost | 54996.20 | 34372.62 |
| total | 4930.89 | 4684.93 |
| Cost index @ 0.3905 | 1925.51 | 1829.46 |
| (+) bitumin emulsion cost | 54996.20 | 34372.62 |
| Grand total | 61852.60/3500m2 | 40887.01/3500m2 |
| m2 | 17.67 | 11.68 |
| നൽകിയ നിരക്ക് (CP + OH ഇല്ലാതെ) | 23.81 | 15.60 |
| അധികം നൽകിയത് | 6.14/m2 | 3.83/ m2 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയിട്ടില്ല. അധികം നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 സിമന്റ് പ്ലാസ്റ്ററിംഗ് അധിക നിരക്ക് നൽകി.

പഞ്ചായത്ത് കൗൺസിൽ ഹാൾ പൂർത്തീകരണം പ്രൊജക്റ്റിൽ ഇനം 2 പ്രകാരം 12mm cement plaster on the rough side of single or half brick wall of 1:4 (1 cement 4 fine sand ) etc. complete എന്ന സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അളവു പുസ്തകം പ്രകാരം ഇതേ സ്പെസിഫിക്കേഷനിലെ fine sand ന് പകരം coarse sand ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത് (CPWD -DSR code 13.4.1). എസ്റ്റിമേറ്റിൽ CPWD -DSR code 13.4.7 ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കോഡ് CPWD -DSR ൽ ഇല്ലാത്തതാണ്. CPWD -DSR കോഡ് 13-7-2 ൽ 12mm cement plaster finished with floating coat of neat cement mix കൂടി ഉൾപ്പെട്ട പ്രവൃത്തിയാണ്. ആയതിനാൽ അളവു പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയായ CPWD -DSR കോഡ് 13.1.1. പ്രകാരമുള്ള നിരക്കാണ് അർഹതയുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| CPWD -DSR കോഡ് 13.1.1. പ്രകാരമുള്ള നിരക്കാണ് | |
|---|---|
| Total ( including water charge ) | 1420.35/ 10sqm |
| (+) cost index | 554.65 |
| Rate / sqm | 1975/ 10sqm = 197.5/ sqm |

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0127/ 16,<br>പഞ്ചായത്ത് കൗൺസിൽ ഹാൾ പൂർത്തീകരണം |
| കൺവീനറുടെ പേര് | ശ്രീ കെ.സി.പോൾ |
| അളവു പുസ്തകം | 1/EL/15-16 |
| ചെലവ് | 11/15-16/ 3.10.2015 = 8,71,177<br>6072484/ 26.9.2016 = 30,585 |
| അളവു പുസ്തകം ഇനം 2 പ്രകാരം 12mm cement plaster on the rough side of single or half brick wall of 1:4 (1 cement 4 fine sand ) etc. complete | |
| നൽകിയത് | 698.17 x 245.76/m2= 1,71,582.26 |
| നൽകാവുന്നത് | 698.17 x 197.5/m2= 1,37,888.57 |
| അധികം നൽകിയത് | 33,693.69(171582.26- 137888.57) |

അധികം നൽകിയ തുക 33,694/ രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഇടാക്കേണ്ടതാണ്.

## 3-6 ടൈൽ വിരിക്കൽ - അധിക നിരക്ക് നൽകി

പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടൈൽ വിരിക്കൽ പ്രവൃത്തികളിൽ അനുവദനീയമായതിൽ കൂടിയ നിരക്കാണ് നല്കിയത് . പഞ്ചായത്തിൽ 907.60/ m2 രൂപയാണ് നൽകിയിട്ടുള്ളത്. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച നിരക്ക് 863.80/m2 രൂപയാണ്. ഇപ്രകാരം 43.80/m2 അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
details for 10m2

| |
|---|
| Providing and laying 75 mm thick factory made cement concrete inter locking paver block of M30 grade made by block making machine with strong vibratory compaction of approved size design and shape , laid in required colour and pattern |

| | | | | | |
|---|---|---|---|---|---|
| over and including 50 mm thick compacted bed of 6mm all complete as per the direction of engineer- in charge for medium traffic | | | | | |
| | unit | qty | rate | amount | |
| | 75 mm thick factory made Inter locking CC paver block of M30 grade | 10 | 467.46 | 4674.60 | 650/ MR- |
| 0298 | 6mm metal | 0.50 | 1140/ m3 | 570.00 | |
| 2202 | carriage | 0.5/ | 106.49 /day | 53.25 | |
| 0123 | Mason 1st class | 0.5 | 435.00 / day | 217.50 | |
| 0124 | Mason 2nd class | 0.5 | 399.00/ day | 199.50 | |
| 0114 | Mate/ beldar | 1.00 | 329.00/ day | 329.00 | |
| 9999 | carpenter | 60 | 1.78 | 106.80 | |
| total | | | | 6150.65 | |
| Water charge 1 % | | | | 61.50 | |
| | | | | 6212.15 | |
| Cost index @0.3905 | | | | 2425.84 | |
| Grand total | | | | 8637.99/10m2 | |
| m2 | | | | 863.80 | |

| | |
|---|---|
| പ്രൊജക്ട് നം. / പേര് | S0129/16, ലക്ഷം വീട് കോളനി നടപ്പാത നവീകരണം |
| കൺവീനറുടെ പേര് | സൗമ്യ.കെ.ആർ. |
| അളവു പുസ്തകം | 30/AE/ 15-16 |
| ചെലവ് | 073114/ 29.3.2016 = 174083/- |
| അളവു പുസ്തകം ഇനം 4 | Providing and laying 75 mm thick factory made cement concrete inter locking paver block of M30 grade made by block making machine with strong vibratory compaction of approved size design and shape , laid in required colour and pattern over and including 50 mm thick compacted bed of 6mm all complete as per the direction of engineer- in charge for medium traffic |
| നൽകിയത് | 149.22 m2 x 907.60 /m2 = 1,35,432.07 |
| നൽകാവുന്നത് | 149.22 m2 x 863.80 /m2 = 1,28,896.24 |
| അധികം നൽകിയത് | 6,535.83 (135432.07 - 128896.24) |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 6,536/- രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 സർക്കാർനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗുണഭോക്തൃസമിതി കൺവീനർ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1. ഗുണഭോക്തൃസമിതികൾ യോഗം ചേർന്ന് മിനുട്ട്സ് രേഖപ്പെടുത്തുകയോ ആയത് പ്രവൃത്തി പൂർത്തീകരണത്തെ തുടർന്ന് മുഴവൻ രേഖകളും പഞ്ചായത്തിന് കൈമാറുകയോ ചെയ്യുന്നില്ല. ചില ഫയലുകളിൽ ആദ്യ യോഗത്തിന്റെ മിനിട്സ് മാത്രമാണ് രേഖപ്പെടുത്തി കൈമാറിയിട്ടുള്ളത്. ( പ്രൊജക്ട്നം. S0090/16,S0085/16/ S0103/16)
2. സ.ഉ.(സാധാ) 36/98/ത.ഭ.വ/ 13.2.1998, സ.ഉ.(സാധാ) 218 / 98/ത.ഭ.വ/ 23.10.1998 എന്നിവ പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർ ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. ഇത് ഉറപ്പാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിട്ടുള്ളത്.
3. പ്രവൃത്തി സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരം പണി പൂർത്തീകരിച്ചാൽ ഉടനെ വരവ് ചെലവ് കണക്ക്, ഉപയോഗിച്ച സാധനങ്ങളുടെ കണക്ക്, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. പല പ്രവൃത്തികളിലും ഇപ്രകാരം എല്ലാ രേഖകളും ഹാജരാക്കിയിട്ടില്ല.
4. പണമിടപാട് നടത്തുന്നതിനായി കൺവീനറുടെയും ചെയർമാന്റെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഫൈനൽ ബിൽ ലഭിച്ചശേഷം ഈ അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതുമാണ്. പല സമിതികളും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.
5. ചുമതലപ്പെടുത്തിയ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളുടെയും കരാർ നിരക്കുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ബിൽ തുകയോ യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് ആ തുകയായിരിക്കും പഞ്ചായത്ത് കൺവീനർക്ക് നൽകുക. എന്നാൽ ഗുണഭോക്തൃസമിതികൾ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തി അംഗീകരിക്കാത്തതിനാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഈ വ്യവസ്ഥ ഉറപ്പാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർക്ക് പണം എങ്ങനെ നൽകി എന്ന് വ്യക്തമല്ല.

ഗുണഭോക്തൃസമിതിയുടെ നടപടി പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 93000 | ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 93000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്, വിവരങ്ങൾ താഴെ കൊടുക്കുന്നു:-

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി.നം/ ചെക്ക് നം / ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | വാട്ടർ റീച്ച് എറണാകുളം | 072226/ 30.10.2015 | 450000 | 0 | 450000 |
| ജില്ലാ പഞ്ചായത്ത് | മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ | 072289/ 17.11.2015 | 150000 | 0 | 150000 |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയു ടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | സ.ഉ.നം. 27515/ ഡി.ബി.1/14/ ത.സ്വ.ഭ.വ/ 2.6.2014 | 6882825 | 2001927 | 1362409 | 0 | 6,39,518 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,32,93,873 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,22,95,458 |
| വരവിനങ്ങളിലുള്ള നഷ്ടം | 21,940 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,230 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,00,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 8,437 | - | കെ.എസ്. രവി, സെക്രട്ടറി |
| 2-4 | 13,503 | - | കെ.എസ്. രവി, സെക്രട്ടറി |
| 3-5 | - | 33,694 | ലാൽ പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | - | 6,536 | ലാൽ പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8,437 | 40,230 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6,00,000 | കെ.എസ്. രവി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എസ്. രവി, സെക്രട്ടറി | വിരമിച്ചു | കരീക്കൽ ഹൗസ്, പൂണൂർ പി.ഒ., വളയംചിറങ്ങര |
| ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് | ശ്രീശൈലം, TR – 42, പടമുഗൾ, കാക്കനാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ.(പി.)919/2000/ 20.01.2002 |
| 2006-07 | എൽ.എഫ്.ഇ.(പി.)179/08/ 19.04.2008. |
| 2008-09 | എൽ.എഫ്.ഇ.(പി 9)-669/10/ 29.10.2011 |
| 2009-10&2010-11 | എൽ.എഫ്.ഇ.(പി 9)1058/13/ 09.07.2013 |
| 2011-12 | എൽ.എഫ്.ഇ.(പി 9)1699/13/ 9.9.2013 |
| 2012-13 | എൽ.എഫ്.ഇ.(പി 9) 12/2015/ 22.1.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി 9)1188/2016/ 19.7.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി9)2227/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 12.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.9)2227/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 12.01.2017

Certified that I have audited the Annual Financial Statement of ELANJI Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of ELANJI Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)